# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

## (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ

## (HOME AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട്**
**(2012-2013)**

**SECOND REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2012-2013)**

2012 ജൂൺ 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th June, 2012)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി XIV**

**(SUBJECT COMMITTEE XIV)**

**ആഭ്യന്തരകാര്യങ്ങൾ**

**(HOME AFFAIRS)**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

രണ്ടാമത് റിപ്പോർട്ട്

(2012–2013)

SECOND REPORT

ON

THE SCRUTINY OF DEMANDS FOR GRANTS

(2012-2013)

483/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തരകാര്യങ്ങൾ)

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. ബെന്നി ബെഹനാൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. വിൽസൺ വി. ജോൺ, അഡീഷണൽ സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

2012-2013 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തരകാര്യങ്ങൾ)-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 ഏപ്രിൽ 25, മേയ് 4 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടി ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർത്ഥന III—നീതിന്യായ നിർവ്വഹണം

ധനാഭ്യർത്ഥന IV—തെരഞ്ഞെടുപ്പുകൾ

ധനാഭ്യർത്ഥന XII—പോലീസ്

ധനാഭ്യർത്ഥന XIII—ജയിലുകൾ

ധനാഭ്യർത്ഥന XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും.

ധനാഭ്യർത്ഥന XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന XXIII—വാർത്താവിതരണവും പ്രചരണവും

ധനാഭ്യർത്ഥന XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ധനാഭ്യർത്ഥന XXV—പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം.

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധന വേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപംനൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2012 മേയ് 8-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഉമ്മൻ ചാണ്ടി,**

തിരുവനന്തപുരം,
2012 ജൂൺ 11.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

വോട്ട് ചെയ്തത് : 3,66,60,54,000 രൂപ

ചാർജ് ചെയ്തത് : 96,91,72,000 രൂപ

2013—മന്ത്രിസഭ

2013-00-800-98—മന്ത്രിമാരുടേയും ചീഫ് വിപ്പിന്റേയും പ്രതിപക്ഷനേതാവിന്റേയും ഗാർഹിക ചെലവുകൾ

വിഹിതം : 3,14,25,000 രൂപ

1. നിർമ്മാണം പൂർത്തീകരിച്ച 6 മന്ത്രിമന്ദിരങ്ങളിലേക്കായി ഫർണിച്ചർ വാങ്ങുന്നതിന് ഉൾപ്പെടെ മന്ത്രിമാരുടേയും ചീഫ് വിപ്പിന്റേയും പ്രതിപക്ഷനേതാവിന്റേയും ഗാർഹിക ചെലവുകൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 4,21,40,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമെ 1,07,15,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2051-00-102-99—കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

04—യാത്രാച്ചെലവ്

വിഹിതം : 97,88,000 രൂപ

2. 2012-13 വർഷത്തിൽ ഏകദേശം 35 ലക്ഷത്തിനുപുറത്ത് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികയിലേക്കുള്ള പരീക്ഷകൾക്കായി അപേക്ഷിച്ചിട്ടുണ്ട്. കെ.എസ്.ആർ. ടി.സി. കണ്ടക്ടർ, വിവിധ കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളുടെ പരീക്ഷകളും ഈ സാമ്പത്തികവർഷത്തിൽ നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ യാത്രാചെലവിനത്തിൽ 50,00,000 രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം (പി.പി.എസ്.എസ്.)

വിഹിതം : 5,00,00,000 രൂപ

3. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, വിവിധ കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങി ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ടുള്ള തസ്തികകളുടെ പരീക്ഷ ഈ വർഷം നടക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. അതിനാൽ ഈ ശീർഷകത്തിൽ 3,00,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

483/2012.

34—മറ്റു ചെലവുകൾ

വിഹിതം : 1,30,00,000 രൂപ

4. 2012-13 സാമ്പത്തികവർഷത്തേക്ക് ഈ ശീർഷകത്തിൽ 1,30,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2011-12 ൽ ഈയിനത്തിൽ ചെലവായത് ഏകദേശം 2,50,00,000 രൂപയാണ്. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, വിവിധ കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങി ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾ ഈ വർഷം നടത്തുവാനുണ്ട്. വിവിധ സ്കൂളുകളിൽവച്ച് നടത്തപ്പെടുന്ന പ്രസ്തുത പരീക്ഷകളുടെ നടത്തിപ്പിനായി ഒരു ഉദ്യോഗാർത്ഥിക്ക് 2 രൂപ നിരക്കിൽ ഓരോ സ്കൂളിനും നൽകേണ്ട തുണ്ട്. കൂടാതെ ഡ്രൈവർ മുതലായ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിനായി പ്രാക്ടിക്കൽ പരീക്ഷയും നടത്തേണ്ടതുണ്ട്. ഇതിനെല്ലാംകൂടി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തീരെ പര്യാപ്തമാകുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2052—സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-72—കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പേഴ്സണൽ അസിസ്റ്റന്റുമാരുടെ വേതനവും അലവൻസുകളും

വിഹിതം : 45,94,000 രൂപ

5. കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പേഴ്സണൽ അസിസ്റ്റന്റുമാരുടെ വേതനവും അലവൻസുകളും ആണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശമ്പളയിനത്തിൽ പ്രതിമാസം 6,00,000 രൂപ ചെലവുവരുന്നതിനാൽ 40,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2052-00-090-95—നിയമവകുപ്പ്

05-4—മറ്റിനങ്ങൾ

വിഹിതം : 34,97,000 രൂപ

6. നിയമവകുപ്പിന്റെ ഓഫീസ് മുറികളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ളവയ്ക്കായി 92,05,000 രൂപ നിർദ്ദേശിച്ചെങ്കിലും 34,97,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു. ഇത് അപര്യാപ്തമായതിനാൽ ബാക്കി 57,08,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിച്ചുനൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2052-00-090-86—പാർലമെന്ററികാര്യ വകുപ്പ്

34—മറ്റു ചെലവുകൾ

വിഹിതം : 1,01,20,000 രൂപ

7. അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക് : മന്ത്രിമാർ നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള

ഈ പദ്ധതിയുടെ ഡാറ്റ എൻട്രി ജോലി നടന്നുവരികയാണ്. കെൽട്രോൺ ഏറ്റെടുത്തു നടത്തുന്ന പ്രസ്തുത ജോലി പൂർത്തിയാകുന്നമുറയ്ക്ക് അതിനുള്ള പേയ്മെന്റ് നൽകേണ്ട തുണ്ട്. ഇതോടനുബന്ധിച്ച് സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി മുതൽ മുകളിലേ ക്കുള്ള എല്ലാ ഓഫീസർമാർക്കും ഡിജിറ്റൽ സിഗ്നേച്ചർ കാർഡ് തയ്യാറാക്കി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ പദ്ധതിയുടെ ഇനിയുള്ള നടപടി ക്രമങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റുമായി ആലോചിച്ച് പദ്ധതി വിപുലീകരി ക്കേണ്ടതുണ്ട്. ആയത് സംബന്ധിച്ച് ഉണ്ടായേക്കാവുന്ന പ്രധാന ചെലവുകളും വഹിക്കേണ്ടതായിവരും. പ്രോജക്ട് നടത്തിപ്പിനായി എൻ.ഐ.സി.ക്ക് ആറുലക്ഷം രൂപ അധികമായി നൽകേണ്ടിവരും. ഇതുൾപ്പെടെ 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 50 ലക്ഷം രൂപ ആവശ്യമായിവരും.

8. കേരളത്തിലെ സാമാജികരുടെ പോർട്രെയ്റ്റ് ഗാലറി.—പാർലമെന്ററി ജനാധി പത്യത്തിന്റെ വളർച്ചയ്ക്ക് അതുല്യ സംഭാവനകൾ നൽകിയ സാമാജികരുടെ ചിത്ര ങ്ങളുടെ ഒരു ഗാലറി സജ്ജീകരിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. യുവ തലമുറയ്ക്ക് അവരുടെ ജീവിതം പരിചയപ്പെടുത്തുകവഴി പരോക്ഷമായി പാർലമെന്ററി ജനാധിപത്യ പ്രക്രിയയിൽ വിശ്വാസം വളർത്തിയെടുക്കുക എന്ന ദൗത്യം ലക്ഷ്യം വച്ചുള്ള ഈ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായതായി സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ ഇതുവരെയുള്ള എല്ലാ മുഖ്യമന്ത്രിമാരുടേയും സ്പീക്കർമാരുടേയും ഹോളോഗ്രാഫിക് ചിത്രങ്ങളും മൾട്ടിമീഡിയ പ്രസന്റേഷനും ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിന് 2008-09 വർഷം 95,70,000 രൂപ വകയിരുത്തിയതിൽ 50 ലക്ഷം രൂപ സി-ഡിറ്റിന് മുൻകൂറായി അനുവദിച്ചു. ഈ പദ്ധതി പൂർത്തിയാക്കാൻ 50 ലക്ഷം രൂപ ആവശ്യമായിവരും.

9. ആയതിനാൽ മേൽ വിവരിച്ചിട്ടുള്ള ആവശ്യങ്ങൾക്കും ഭരണച്ചെലവുകൾക്കു മായി ആകെ 112 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 10,80,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

21-1—വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ

10. മുഖ്യ വിവരാവകാശ കമ്മീഷണർക്കും മറ്റു നാലു കമ്മീഷണർമാർക്കും അനുവദിച്ച ഏകദേശം 7 വർഷം പഴക്കമുള്ള വാഹനങ്ങൾ P.W.D. മെക്കാനിക്കൽ വിംഗ് പരിശോധിച്ച് അവ ഉപേക്ഷിക്കുവാൻ ശുപാർശ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പുതിയ 5 കാറുകൾ വാങ്ങുന്നതിന് 60,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3451—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

വിവരസാങ്കേതികവിദ്യ വകുപ്പ്

3451-00-101-43—സ്ത്രീകളുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള വിഭവകേന്ദ്രം

വിഹിതം : 20,00,000 രൂപ (പ്ലാൻ)

11. വനിതകളുടെ വിവരസാങ്കേതിക വിദ്യകളിലെ കഴിവുകളെ പ്രചോദിപ്പിച്ച്, നൂതന സാങ്കേതിക വിദ്യ പരിശീലിപ്പിച്ച്, പുതിയ ജോലി സാദ്ധ്യത ഉറപ്പുവരുത്തുന്നതിലേക്കായി കേരളത്തിലെ 16 കോളേജുകളിൽ വുമൺ റിസോഴ്സ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യാ വിദഗ്ദ്ധരായി വനിതകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 2012-13 വർഷത്തിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം 4 പുതിയ കോളേജുകളിൽക്കൂടി വുമൺ റിസോഴ്സ് സെന്റർ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതായും സമിതി മനസ്സിലാക്കി. അതിനുവേണ്ടി 12.32 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3451-00-101-86—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് സ്ഥാപിക്കൽ

വിഹിതം : 12,00,00,000 രൂപ

12. പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ സുഗമമായ ഉപയോഗം ലഭ്യമാക്കുന്നതിനായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുക, വിജ്ഞാനവും വിവരങ്ങളും പങ്കുവയ്ക്കുന്നതിനായി സർക്കാർ ഉൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഐ. സി. ഫോസ്സിന് സ്വന്തമായി ഒരു കാമ്പസ് ആവശ്യമാണെന്നുള്ളതിനാൽ അതിനായി ഭൂമി വാങ്ങുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ കാമ്പസിനുള്ള ഭൂമി വാങ്ങുന്നതിനായി 3 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3451-00-101-87—കേരള വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി—സഹായധനം

36—സഹായധനം—ശമ്പളേതരം

വിഹിതം : 46,49,00,000 രൂപ

13. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ പ്രവർത്തനത്തിനും പി.ജി. ഡിപ്ളോമ ഇൻ ഇ-ഗവേണൻസ്, സ്പെഷ്യൽ പോസ്റ്റ് ഗ്രാജുവേറ്റ് എഡ്യൂക്കേഷൻ എക്സ്പാൻഷൻ ഡ്രൈവ് ഇൻ ഐ.റ്റി. (സ്പീഡ് ഐ.ടി.) എന്നീ പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതികൾക്ക് യഥാക്രമം 133 ലക്ഷം രൂപ, 4 ലക്ഷം രൂപ, 199.2 ലക്ഷം രൂപ എന്നിങ്ങനെ ഈ ശീർഷകത്തിൽ അധികമായി തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3451-00-101-91-31—കേരള വിവര സാങ്കേതികവിദ്യ—സഹായധനം

ശമ്പളം

വിഹിതം : 90,00,000 രൂപ (നോൺ പ്ലാൻ)

14. ഐ. ടി. യൂണിറ്റുകൾക്കുള്ള പ്രോത്സാഹന പരിപാടികളുടെ നടത്തിപ്പാണ് ഐ.പി.എം.സി. നിർവ്വഹിക്കുന്നത്. രാജ്യത്ത് ഏറ്റവും ആവശ്യകമായ ഐ.ടി. ഡസ്റ്റിനേഷനായി കേരളത്തെ മാറ്റുക എന്നുള്ള ഉദ്ദേശത്തോടെ പ്രോത്സാഹനങ്ങളുടെ ഒരു പാക്കേജ് നടപ്പിലാക്കുക എന്നുള്ളതാണ് ഈ സ്കീമിന്റെ ലക്ഷ്യം. അർഹതയുള്ള ഐ. ടി. യൂണിറ്റുകൾക്ക് പ്രോത്സാഹനങ്ങൾ ലഭ്യമാക്കുക, ഐ.ടി. യൂണിറ്റുകൾക്ക് സഹായവും ഐ.ടി. മിഷന്റെ ഭരണ ചെലവും, ഐ.ടി. മിഷനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം എന്നിവയാണ് പ്രസ്തുത സ്കീമിൽ നിർദ്ദേശിക്കപ്പെട്ട ഘടകങ്ങൾ.

15. പദ്ധതിയുടെ നടത്തിപ്പിനായി 2012-13 വർഷത്തേക്ക് നീക്കിവച്ചിട്ടുള്ള 90 ലക്ഷം രൂപ പര്യാപ്തമല്ല. പദ്ധതിയുടെ നടത്തിപ്പിനായി 2012-13 സാമ്പത്തിക വർഷത്തിൽ 562 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അനുവദിച്ച 90 ലക്ഷത്തിനുപുറമെ 472 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)**

3451-00-101-69—സംസ്ഥാന പരിശീലന നയം-പരിശീലന പരിപാടി

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

16. സേവന പ്രദാന മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി രൂപീകരിച്ച സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തീരെ പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ 7.19 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3451-00-101-99—സംസ്ഥാന ആസൂത്രണ ബോർഡ്

വിഹിതം : 60,00,000 രൂപ (പ്ലാൻ)

17. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി തുക വകയിരുത്തിയ 3451-00-101-94 എന്ന ശീർഷകത്തിൽ ഇക്കൊല്ലം തുകയൊന്നും വകയിരുത്തിയിട്ടില്ല. വിവരസാങ്കേതിക വിദ്യയും ഇ-ഗവേണൻസും ഉയർത്തുന്ന വികസനരംഗത്തെ വെല്ലുവിളികൾ നേരിടുന്നതിന് മതിയായ അടിസ്ഥാന സൗകര്യങ്ങളോടെ സംസ്ഥാന ആസൂത്രണ സംവിധാനത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വാങ്ങിയ കമ്പ്യൂട്ടറുകൾക്കും നിലവിൽ ഉപയോഗത്തിലിരിക്കുന്ന കമ്പ്യൂട്ടറുകളുടേയും വാർഷിക അറ്റകുറ്റപ്പണികൾക്കായി 3451-00-101-99 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

വോട്ട് ചെയ്തത് : 3,64,23,27,000 രൂപ

ചാർജ് ചെയ്തത് : 72,51,91,000 രൂപ

2014-00-102-99—ഹൈക്കോടതി

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വിഹിതം : 1000 രൂപ (നോൺ പ്ലാൻ—ചാർജ് ചെയ്തത്)

18. ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനായി 7 കാറുകളും കേരള ജുഡീഷ്യൽ അക്കാഡമിയുടെ മാത്രം ഉപയോഗത്തിനായി ഒരു മിനി ബസും വാങ്ങുന്നതിനായി 2012-13 വർഷത്തെ എസ്റ്റിമേറ്റിൽ 81,00,000 രൂപ ഉൾപ്പെടുത്തിയിരുന്നെങ്കിലും ടോക്കൺ പ്രൊവിഷൻ മാത്രമേ ഈ ഹെഡിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പ്രസ്തുത ആവശ്യങ്ങളിലേക്ക് ആവശ്യപ്പെട്ട തുക അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-102-98—ഹൈക്കോടതി ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ

വിഹിതം : 20,00,000 രൂപ (ചാർജ് ചെയ്തത്)

19. നിയമരംഗത്തെ ഏറ്റവും പുതിയ വിവരങ്ങൾ ബഹു. ന്യായാധിപന്മാരിലേക്കെത്തിച്ച് നീതി നിർവ്വഹണം മേന്മയേറിയതാക്കാൻ ധാരാളം നിയമഗ്രന്ഥങ്ങളും, സി.ഡികളും ലഭ്യമാക്കേണ്ടതുണ്ട്. ആയതുകൊണ്ട് നിയമജേർണലുകൾ, സി.ഡി.കൾ ഇവയുടെ വരിസംഖ്യ, ഹൈക്കോടതി ലൈബ്രറിയിലേക്കും ബഹു. ജഡ്ജിമാരുടെ വസതി-ആഫീസ് ലൈബ്രറികളിലേക്കും പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്കായി 56,20,000 രൂപ ഈ ഹെഡിൽ ആവശ്യമാണ്. ആയതിനാൽ 36,20,000 രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-800-93—സുപ്രീംകോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

34—മറ്റ് ചെലവുകൾ

വിഹിതം : 13,20,000 രൂപ

20. ഷെട്ടി കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജുഡീഷ്യൽ ഓഫീസർമാരുടെ വസതി ലൈബ്രറി ഒരുക്കൽ, ഡ്രോയിംഗ് റൂം ഫർണിഷിംഗ് അലവൻസ് എന്നിവയ്ക്കായി 85,000 രൂപയും ലൈബ്രറി പുസ്തകങ്ങൾ, നിയമ സി.ഡി.കൾ എന്നിവയുടെ വിലയായി 19,242 രൂപയും ഓരോ ജുഡീഷ്യൽ ഓഫീസർക്കും നൽകുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4,35,04,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

വിഹിതം : 1,000 രൂപ

21. ഇ-കോടതി പദ്ധതിപ്രകാരമുള്ള കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, UPS എന്നിവ വാങ്ങി സ്ഥാപിച്ചുനൽകുന്നതിന് ഈ ശീർഷകത്തിൽ 2,67,95,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-800-85—'ഇ'-കോടതി നടപ്പാക്കൽ

വിഹിതം : 1,000 രൂപ

22. രാജ്യത്തെ സബോർഡിനേറ്റ് കോടതികളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായുള്ള സമഗ്രപദ്ധതിയാണ് ഇ-കോർട്ട് പദ്ധതി. കേന്ദ്ര സർക്കാർ മുഴുവൻ ചെലവും വഹിക്കുന്ന ഈ പദ്ധതി NIC മുഖാന്തിരം നടപ്പിലാക്കുന്നു. ദേശീയനയം, സുപ്രീം കോടതിയുടെ ഇ-കമ്മിറ്റി രൂപം നൽകിയ ഇന്ത്യൻ ജൂഡിഷ്യറിയിൽ വിവരസാങ്കേതിക വിദ്യ നടപ്പിലാക്കാനുള്ള ആക്ഷൻ പ്ലാൻ എന്നിവ അടിസ്ഥാനമാക്കിയുള്ളതാണ് ഈ പദ്ധതി. കേന്ദ്ര സർക്കാർ ഇതുവരെ 6,22,17,771 രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും 2,69,55,461 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്. അതിനാൽ 2012-13 കാലയളവിൽ തന്നെ ഈ പദ്ധതി പൂർത്തിയാക്കുന്നതിനായി ബാക്കി തുകയായ 3,52,61,310 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സബോർഡിനേറ്റ് കോടതികളിലെ ഏറ്റവും കുറഞ്ഞ അടിസ്ഥാനസൗകര്യങ്ങൾ

34—മറ്റ് ചെലവുകൾ

23. ഈ വർഷം സബോർഡിനേറ്റ് കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ (ഫർണിച്ചർ വാങ്ങൽ, വ്യവഹാരികളായെത്തുന്ന പൊതുജനങ്ങൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവ) ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 8,89,26,000 രൂപ (ഫർണിച്ചറിനായി 5,66,84,000 രൂപയും ന്യായാധിപൻമാർക്ക് എക്സിക്യൂട്ടീവ് കസേരകൾ, മേശകൾ എന്നിവയ്ക്ക് 1,50,00,000 രൂപയും കമ്പ്യൂട്ടർ ഫർണിച്ചറുകൾക്ക് 1,29,17,000 രൂപയും) അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21.1—വാഹനം വാങ്ങൽ (105-99, 108-99, 117-99)

വിഹിതം : 3,000 രൂപ

24. സുപ്രീംകോടതി ഉത്തരവുകൾ, ഒന്നാം നാഷണൽ ജുഡീഷ്യൽ പേ കമ്മീഷൻ ശുപാർശകൾ, ജസ്റ്റീസ് ഇ. പത്മനാഭൻ കമ്മീഷൻ ശുപാർശകൾ ഇവ നടപ്പാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ യാത്രാസൗകര്യങ്ങൾ ജുഡീഷ്യൽ ഓഫീസർമാർക്ക് നൽകേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ഓഫീസർമാരുടെ ഉപയോഗത്തിലേക്കായി 13 സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനായി (കാർ ഒന്നിന് 6.5 ലക്ഷം രൂപ നിരക്കിൽ) ഈ ശീർഷകത്തിൽ 84,50,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പുതിയ കോടതികൾ/ട്രിബ്യൂണലുകൾ സ്ഥാപിക്കൽ

വിഹിതം : ഇല്ല

25. പ്ലാൻ കാലയളവിൽ 89 കോടതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള താണ് ഈ പദ്ധതി. ഇവയിൽ 16 കോടതികൾ 2012-13 കാലയളവിൽ സ്ഥാപിക്കേണ്ട തുണ്ട്. പ്രസ്തുത കോടതികൾ സ്ഥാപിക്കുന്നതുവഴി 1,43,000 കേസുകൾ കൂടുതലായി തീർപ്പുകൽപ്പിക്കുവാൻ ലക്ഷ്യമിടുന്നു. കോടതികൾക്കായുള്ള ഫർണിച്ചർ വാങ്ങുന്നതിന് 109,00,000 രൂപയും കമ്പ്യൂട്ടർ വാങ്ങുന്നതിന് 80,50,000 രൂപയും നിയമഗ്രന്ഥങ്ങൾ വാങ്ങുന്നതിന് 15,50,000 രൂപയും അങ്ങിനെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന തിനായി ആകെ 2,05,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കീഴ്ക്കോടതികളുടെ ആധുനികവത്ക്കരണം

വിഹിതം : ഇല്ല

26. സംസ്ഥാനത്തെ 500-ഓളം വരുന്ന കോടതികൾ ആധുനികവത്ക്കരിക്കുന്നതി നായി 6,98,50,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-114-93—കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി

34—മറ്റു ചെലവുകൾ

വിഹിതം : 4,00,00,000 രൂപ

27. സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മുഖ്യലക്ഷ്യം നിയമ സേവന പ്രവർത്തനങ്ങളാണ്. നിയമ ബോധന ക്ലാസ്സുകളും നിയമ സേവന ക്ലിനിക്കുകളും ടെലി ഫോൺ മുഖേനയുള്ള നിയമ സേവന സംവിധാനവുമെല്ലാം ഈ അതോറിറ്റിയുടെ പ്രവർത്തനമേഖലയിൽപ്പെടുന്നു. എല്ലാവർഷവും 6 ലക്ഷത്തോളംവരുന്ന 9-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കും 1 ലക്ഷത്തോളം വരുന്ന 2-ാം വർഷ ബിരുദ വിദ്യാർത്ഥികൾക്കും കൂടാതെ കുടുംബശ്രീ അംഗങ്ങൾക്കും നിയമ ബോധന ക്ലാസ്സുകൾ അതോറിറ്റി നടത്തി വരുന്നു. ഇവർക്കെല്ലാം നിയമങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ബുക്കുകളും തയ്യാറാക്കി സൗജന്യമായി നൽകിവരുന്നു. ചെലവുകുറഞ്ഞ തർക്കപരിഹാര മാർഗ്ഗമായി ലോക അദാലത്തുകൾ നടത്തുന്ന ചുമതലയും അതോറിറ്റി നിർവ്വഹിക്കുന്നു. 110 നിയമ സേവന ക്ലിനിക്കുകളും അതോറിറ്റി നടത്തിവരുന്നു. ഇതിനൊക്കെയായും താലൂക്കുക ളിലെ ശമ്പളം നൽകുന്നതിനായും 34-മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ നിന്നു മാണ് തുക കണ്ടെത്തുന്നത് എന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷക ത്തിൽ 756.72 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-114-92 പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.)

വിഹിതം : 49,09,000 രൂപ

28. പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.) സംവിധാനം തിരുവനന്തപുരത്തും എറണാകുളത്തും മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. കോഴിക്കോട് ജില്ലയിൽ ഒരു പി.എൽ.എ. തുടങ്ങുന്നതിന് അനുമതിയായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ പി.എൽ.എ. തുടങ്ങുന്നതിനും തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ പി.എൽ.എ.കൾ കാര്യക്ഷമമായി നടത്തുന്നതിനും ഇപ്പോൾ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 42.335 ലക്ഷം രൂപ ഇതിലേക്കായി അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-800-91—കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ-സഹായധനം

വിഹിതം : 3,53,17,000 രൂപ

29. കമ്മീഷനിൽ പുതുതായി കുറെ തസ്തികകൾ സൃഷ്ടിക്കപ്പെടുകയും ഇതിലേക്കുള്ള നിയമന നടപടികൾ പൂർത്തിയായിവരികയും ചെയ്യുന്ന സാഹചര്യത്തിൽ ഇവരുടെ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കും ഏകദേശം 40 ലക്ഷം രൂപ കൂടുതൽ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കമ്മീഷൻ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കെട്ടിടം സ്ഥലപരിമിതി കാരണം മാറാനുള്ള നടപടികൾ എടുത്തുവരുന്നു എന്നും അതിലേക്ക് ഈ സാമ്പത്തിക വർഷത്തിൽ ഏകദേശം 25 ലക്ഷം രൂപയുടെ അധിക ചെലവ് വരുമെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ അധിക ചെലവ് പ്രതീക്ഷിക്കുന്ന 65,00,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-116-99—കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

99—വിവരസാങ്കേതിക വിദ്യ

വിഹിതം : ഇല്ല

30. ട്രൈബ്യൂണലിൽ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർവഴി കമ്പ്യൂട്ടറൈസേഷന്റെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

വിഹിതം : 10,000 രൂപ

31. ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഫർണിച്ചർ, ഫോട്ടോകോപ്പിയർ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 4,90,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ IV—തെരഞ്ഞെടുപ്പുകൾ

വോട്ട് ചെയ്തത് : 17,70,20,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

21—മോട്ടോർ വാഹനങ്ങൾ 1-വാഹനംവാങ്ങൽ

വിഹിതം : ഇല്ല

32. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ ഉപയോഗിച്ചുവരുന്ന അംബാസഡർ കാർ കാലപ്പഴക്കം വന്നതിനാൽ ഇത് ലേലം ചെയ്ത് പുതിയ ഒരെണ്ണം വാങ്ങുന്നതിലേക്ക് ആവശ്യമായ 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2015-00-103-99—നിയമസഭയും പാർലമെന്റും

വിഹിതം: 8,81,84,000 രൂപ (പ്ലാൻ)

33. സമ്മതിദായകരുടെ പട്ടിക പുതുക്കലും അച്ചടിയും എല്ലാവർഷവും തുടർച്ചയായി നടന്നുവരുന്ന ഒരു പ്രക്രിയയാണ്. സമ്മതിദായകരുടെ പട്ടികയുടെ പരിഷ്ക്കരണത്തിനും അച്ചടിക്കുംവേണ്ട തുകയാണ് ഈ ഉപശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. അതുപോലെതന്നെ താൽക്കാലിക ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാബത്ത എന്നിവയും സമ്മതിദായകരുടെ പട്ടിക പരിഷ്ക്കരിക്കുന്നതിന് നിയോഗിക്കപ്പെടുന്നവർക്ക് നൽകുന്നതിനുള്ള പ്രതിഫലം, സാധനസാമഗ്രികളുടെ വില എന്നിവയും സമ്മതിദായകരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്നതിനും അവയുടെ മൊത്തത്തിലുള്ള മേൽനോട്ടം നിർവ്വഹിക്കുന്നതിനും ആവശ്യമായ ചെലവ് എന്നിവയും ഈ ഉപശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് നേരിടുന്നത്. കൂടാതെ ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റം (Electoral Roll Management System) എന്ന ഒരു പുതിയ പ്രക്രിയ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായിട്ടുള്ളതിനോടനുബന്ധിച്ച് ഈവർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധിക ചെലവുവരുന്ന ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 27,36,48,000 രൂപയിൽ ശേഷിക്കുന്ന 18,54,66,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2015-00-106-99—നിയമസഭ

വിഹിതം : 5,000 രൂപ

34. ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്കുള്ള ചെലവിനായി 5,000 രൂപയാണ് വകുപ്പ് ശുപാർശ ചെയ്തിരുന്നത്. എന്നാൽ പിറവം നിയമസഭാ മണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പിന്റെ ചെലവുകൾ തീർപ്പാക്കുന്നതിലേക്കും ആസന്നമായ

നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് ചെലവുകൾ വഹിക്കുന്നതിലേക്കുമായി 1,00,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

34—മറ്റു ചെലവുകൾ

വിഹിതം : ഇല്ല

35. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനും കാലാകാലങ്ങളിലുണ്ടാകുന്ന ഉപതെരഞ്ഞെടുപ്പുകൾക്കും ആവശ്യമായിവരുന്ന തുക ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. കൂടാതെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളുടെ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് കൂടാതെ 150-ഓളം ഉപതെരഞ്ഞെടുപ്പുകൾ ഈ വർഷം നടത്തേണ്ടതായിട്ടുണ്ടെന്നും 2010-ലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പിന് 2.25 കോടി രൂപയുടെ ബില്ലുകൾ തീർപ്പാക്കുവാനുണ്ടെന്നും ഒരു ജില്ലാ പഞ്ചായത്ത് വാർഡ് ഉൾപ്പെടെ 23 നിയോജകമണ്ഡലങ്ങളിലേക്ക് മേയ് 15-ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ കമ്മീഷൻ ഇതിനകം തീരുമാനിച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അനുവദിച്ചുനൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ഫോട്ടോ പതിച്ച വോട്ടർ പട്ടിക ഏർപ്പെടുത്തുന്നതിന് കമ്മീഷൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് മുനിസിപ്പൽ, കോർപ്പറേഷൻ തെരഞ്ഞെടുപ്പുകളിൽ മാത്രമേ നിലവിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിക്കുന്നുള്ളൂ. ത്രിതല പഞ്ചായത്ത് വാർഡുകളിലേക്ക് നടക്കുന്ന ഉപതെരഞ്ഞെടുപ്പുകൾക്കും ഈവർഷം മുതൽ വോട്ടിംഗ് മെഷീൻ ഉപയോഗിക്കാൻ കമ്മീഷൻ ഉദ്ദേശിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വായ്പയായി നൽകുന്നത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ്. ഇപ്രകാരം ആവശ്യമായിവരുന്ന 8000 എണ്ണം വോട്ടിംഗ് മെഷീന്റെ 25 ശതമാനം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി വാങ്ങേണ്ടതാണെന്നും അല്ലാത്തപക്ഷം തുടർന്നുള്ള തെരഞ്ഞെടുപ്പുകൾക്ക് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വായ്പയായി കമ്മീഷന് നൽകുന്നതല്ലെന്നുമുള്ള കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം 2009-2010 വർഷം 1.15 കോടി രൂപ ഉപയോഗിച്ച് 1060 എണ്ണം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുകയും ചെയ്തു.

38. കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ഇലക്ഷന് ഇനിയും 3 വർഷത്തോളമുള്ളതിനാൽ എല്ലാ മെഷീനുകളുംകൂടി ഒരുമിച്ചുവാങ്ങാതെ കുറച്ചുവീതം ഓരോ വർഷവും വാങ്ങുന്നതായിരിക്കും ഉചിതമെന്ന് സമിതി കരുതുന്നു. അതിൻ പ്രകാരം ഈ വർഷം 200 ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വാങ്ങുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

വോട്ട് ചെയ്തത് : 1780,58,89,000 രൂപ

ചാർജ് ചെയ്തത് : 6,59,000 രൂപ

2055—പോലീസ്

04—യാത്രാചെലവുകൾ

1. യാത്രാബത്ത

39. തീവ്രവാദപ്രവർത്തനം തടയൽ, സമൂഹശ്രദ്ധ പിടിച്ചുപറ്റുന്ന വൻ കുറ്റകൃത്യങ്ങളുടെ അന്വേഷണം, ഇന്ത്യ റിസർവ് ബറ്റാലിയന്റെ പരിശീലനം മുതലായവയ്ക്കായി സംസ്ഥാനത്തിനകത്തും പുറത്തും സേനാംഗങ്ങൾക്ക് നിരന്തരം യാത്രചെയ്യേണ്ടിവരുന്നതിനാൽ യാത്രാബത്ത കൂടുതൽ ചെലവാകുന്നുണ്ട്. 2012-13 വർഷത്തേക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 589.32 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

1. വെള്ളക്കരം

40. ഈ ഇനത്തിൽ 136.08 ലക്ഷം രൂപ നിർദ്ദേശിച്ച സ്ഥാനത്ത് 114.99 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വെള്ളക്കരം യഥാസമയം കൊടുക്കാതിരിക്കുന്നത് ജലവിതരണം തടയുന്നതിനും പലിശയും പിഴപ്പലിശയും ഉൾപ്പെടെ അധിക തുക നൽകുന്നതിന് ഇടയാകുകയും ചെയ്യുമെന്ന് സമിതി വിലയിരുത്തി. നിലവിലെ കുടിശ്ശിക തീർക്കുന്നതുൾപ്പെടെ ഈ ഇനത്തിൽ 134 ലക്ഷം രൂപ കൂടി ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 21.09 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. വൈദ്യുത ചാർജ്

41. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 757.79 ലക്ഷം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ നിർദ്ദേശിച്ച തുകയിൽ കുറവ് വന്ന 167.08 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. ടെലിഫോൺ ചാർജ്

42. കൂടുതൽ ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷൻ നൽകുന്നതിലേക്കായി ഈ ശീർഷകത്തിൽ 373.97 ലക്ഷം രൂപകൂടി ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. മറ്റിനങ്ങൾ

43. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെ വിലയേറിയ ഉപകരണങ്ങൾ പരിപാലിക്കുന്നതിന് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് നൽകുന്നതിനുള്ള ചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. ആയതിനാൽ ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 400 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12—സ്കോളർഷിപ്പും സ്റ്റൈപ്പന്റും

44. പോലീസ് വകുപ്പിലെ ആയിരക്കണക്കിന് ഒഴിവുകൾ നികത്തുന്നതിന് റിക്രൂട്ട്മെന്റ് കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ ട്രെയിനിംഗ് നടത്തി വരുന്നതിനാൽ ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിന് ഈ ശീർഷകത്തിൽ 120 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19—യന്ത്രോപകരണങ്ങൾ

45. പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ധാരാളം ഉപകരണങ്ങൾ വാങ്ങുന്നത് യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ നിന്നുമുള്ള പണം വിനിയോഗിച്ചാണ്. കമാൻഡോ പരിശീലനത്തിനായി വളരെ ചെലവുകൂടിയ ബുള്ളറ്റുകളാണ് ആവശ്യമായി വരുന്നത്. ഇന്ത്യാ റിസർവ് ബറ്റാലിയനിലേക്കും ഇതര ബറ്റാലിയനുകളിലേക്കും ട്രെയിനിംഗ് നൽകുന്നതിലേക്കായി ആയുധങ്ങൾ, വെടിക്കോപ്പുകൾ എന്നിവയ്ക്ക് വൻ തുക ആവശ്യമാണ്. ഇപ്രകാരം ആധുനിക യന്ത്രോപകരണങ്ങൾ സ്വായത്തമാക്കി പോലീസ് സേനയെ പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് സജ്ജമാക്കുന്നതിനായി ഈ ശീർഷകത്തിൽ 1500 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-1—വാഹനം വാങ്ങൽ

46. പോലീസ് വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് വളരെ വർഷങ്ങളായി ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിവരുന്നില്ല. ഇതിലേക്കായി ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നതിനായി നിർദ്ദേശിച്ചിരുന്നുവെങ്കിലും നടപ്പുവർഷവും തുക വകകൊള്ളിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അടുത്ത സാമ്പത്തിക വർഷം പോലീസ് വകുപ്പിലെ നിരവധി വാഹനങ്ങൾ കണ്ടം ചെയ്യേണ്ടതായിട്ടുള്ളതിനാലും അതിനുപകരമായി പുതിയ വാഹനങ്ങൾ വാങ്ങേണ്ടതുള്ളതിനാലും ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45—പി. ഒ. എൽ.

47. വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണിയും ക്രമസമാധാന പ്രശ്നങ്ങളും അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനവും മറ്റുംമൂലം വാഹനങ്ങളുടെ ഉപയോഗം വൻതോതിൽ വർദ്ധിച്ചുവരികയാണ്. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പട്രോളിംഗ് നടത്തുവാനായി ബോട്ടുകൾ നിരന്തരം ഉപയോഗിക്കേണ്ടതായുണ്ട്. മാത്രമല്ല ഇന്ധന വില അടിക്കടി വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 829.31 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

99—വിവരസാങ്കേതികവിദ്യ

48. പോലീസ് ഡിപ്പാർട്ടുമെന്റിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ്‌വർക്കുകളുടെയും അറ്റകുറ്റപണികൾക്കും 7000-ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് നൽകാനുംവേണ്ടി 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2055-00-115-99—പോലീസ് സേന നവീകരിക്കുന്നതിന് (75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും)

01—കേന്ദ്രവിഹിതം—32,06,78,000 രൂപ

02—സംസ്ഥാന വിഹിതം—10,68,92,000 രൂപ

49. നവീകരണ പദ്ധതികൾക്കായി മാർച്ച് മാസങ്ങളിൽ അധിക തുക കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവിധ സംസ്ഥാനങ്ങൾക്ക് ലഭിക്കാറുണ്ട്. സംസ്ഥാന ഗവൺമെന്റുകളുടെ വിനിയോഗ നിലവാരം അടിസ്ഥാനമാക്കിയാണ് പ്രസ്തുത തുക അനുവദിക്കുന്നത്. പ്രസ്തുത ശീർഷകത്തിലെ നിലവിലുള്ള കേന്ദ്ര വിഹിതമായ 3206.78 ലക്ഷം രൂപയ്ക്ക് പുറമെ 1097.18 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 1068.92 ലക്ഷം രൂപയ്ക്ക് പുറമെ 365.73 ലക്ഷം രൂപയും കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2055-00-800-84—പോലീസ് വകുപ്പിന്റെ നവീകരണം

വിഹിതം : 13,00,00,000 രൂപ (പ്ലാൻ)

ജനമൈത്രി പദ്ധതി

50. ജനമൈത്രി പ്രോജക്ടുകൾ വളരെ പ്രയോജനകരമാണ്. പ്രസ്തുത പദ്ധതി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ഈ കണക്കിനത്തിൽ ജനമൈത്രി പദ്ധതിക്കായി നടപ്പുവർഷം അനുവദിച്ചിരിക്കുന്ന 200 ലക്ഷം രൂപയ്ക്കു പുറമെ 200 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്റ്റുഡന്റ് പോലീസ് സ്കീം

51. സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതി സംസ്ഥാനത്ത് നല്ല രീതിയിൽ പ്രാവർത്തികമായി വരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിലേക്കായി 300 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പോലീസ് ആസ്ഥാന മന്ദിര നിർമ്മാണം

52. കേരളാ പോലീസ് ആസ്ഥാന മന്ദിരം 13 നിലകളിലായി പണിപൂർത്തിയാക്കാൻ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ 7 നിലകൾ പൂർത്തിയാക്കി ഫണ്ടിന്റെ അഭാവത്താൽ പണി നിർത്തിവെച്ചിരിക്കുകയാണ്. തിരുവനന്തപുരം സിറ്റിയിലുള്ള വിവിധ പോലീസ് ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിൽ കൊണ്ടുവന്ന് വാടകയിനത്തിൽ അധികച്ചെലവ് ഒഴിവാക്കുന്നതിനും അതുമൂലമുള്ള ഭരണപരമായ സൗകര്യവും കണക്കിലെടുത്താണ് ഈ കെട്ടിടം ആസൂത്രണം ചെയ്തിരുന്നത്. എന്നാൽ ആവശ്യമായ ഫണ്ട് ലഭ്യമല്ലാതെവരികയാൽ പണി മുടങ്ങിക്കിടക്കുകയാണ്. ഘട്ടംഘട്ടമായി പണി പൂർത്തിയാക്കുന്നതിനു വേണ്ടി നടപ്പുവർഷം 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

വോട്ട് ചെയ്തത് : 310,07,71,000 രൂപ (നോൺ പ്ലാൻ)

ചാർജ് ചെയ്തത് : 10,000 രൂപ (പ്ലാൻ)

2058-00-001-93—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

വിഹിതം : 90,00,000 രൂപ (പ്ലാൻ)

53. കോഴിക്കോട് മേഖലാ സ്റ്റേഷനറി ആഫീസ് സ്റ്റോറും സ്ഥിതി ചെയ്യുന്നത് വളരെ പഴക്കം ചെന്ന കെട്ടിടത്തിലാണ്. വളരെയധികം ശോചനീയാവസ്ഥയിലുള്ള കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിനും വയനാട് ജില്ലാ സ്റ്റേഷനറി ആഫീസിനുവേണ്ടി കെട്ടിടം പണിയുന്നതിനും ആസ്ഥാന കാര്യാലയത്തിൽ പുതിയ വെയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുമായി 120 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 90 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2058-00-001-99—നടത്തിപ്പ്

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല

54. വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിന് 8,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല. ആയതിനാൽ ഇതിലേക്കായി 8,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

19—യന്ത്രോപകരണങ്ങൾ

വിഹിതം : 15,00,000 രൂപ

55. ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച അതേ തുകയാണ് നടപ്പു സാമ്പത്തിക വർഷത്തിലും അനുവദിച്ചിരിക്കുന്നത്. കമ്പ്യൂട്ടറുകൾ വ്യാപകമാകുന്നതോടെ ടൈപ്പ്റൈറ്ററുകളുടെ ഉപയോഗം കുറയുമെങ്കിലും അവ വാങ്ങി നൽകുന്നത് പൂർണ്ണമായി നിർത്താൻ കഴിയുന്നതല്ല. കൂടാതെ വിവിധ ആഫീസുകളിലേക്ക് ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ വാങ്ങി നൽകേണ്ടതുള്ളതിനാലും ഈ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24—സാധനസാമഗ്രികൾ

വിഹിതം : 18,14,00,000 രൂപ

56. 2011-12 ലേക്ക് 24 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ട സ്ഥാനത്ത് 18.15 കോടി രൂപ മാത്രമായി പരിമിതപ്പെടുത്തിയത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. ഗവൺമെന്റ് പ്രസ്സുകൾക്കാവശ്യമായ പേപ്പർ ഇനങ്ങൾ, ഫോട്ടോകോപ്പിയിംഗ് പേപ്പർ എന്നിവ ആഫീസുകളുടെ ആവശ്യാനുസരണം വാങ്ങി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. കൂടാതെ പേപ്പർ, പൾപ്പ് ബോർഡ് എന്നിവയുടെ വിലയിലും എക്സൈസ് ഡ്യൂട്ടിയിലും ഇപ്പോൾത്തന്നെ വർദ്ധനവുണ്ടായിട്ടുണ്ട്. മേൽ കാരണങ്ങളാൽ 2012-13 വർഷത്തിൽ ബഡ്ജറ്റ് വിഹിതം ഉയർത്തിയില്ലായെങ്കിൽ സർക്കാർ പ്രസ്സുകളുടെ പ്രവർത്തനവും അതുവഴി മറ്റ് പ്രധാനപ്പെട്ട വകുപ്പുകളായ രജിസ്ട്രേഷൻ, ടാക്സസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടേയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട 26.75 കോടി രൂപയിൽ ശേഷിക്കുന്ന 8.61 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### അച്ചടി വകുപ്പ്

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

05-4—മറ്റിനങ്ങൾ

വിഹിതം : 40,00,000 രൂപ

57. അച്ചടി വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് പ്രസ്സുകളിൽ വർക്ക് സ്റ്റഡി നടത്തുന്നതിന് 29-3-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം ഉണ്ടാകുകയും ടി പദ്ധതി കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ മുഖേന നടപ്പിലാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിന് കീഴിലുള്ള 11 പ്രസ്സുകളിൽ വർക്ക് സ്റ്റഡി നടത്തുന്നതിന് 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഗവൺമെന്റ് പ്രസ്സുകളുടെ വർക്ക്സ്റ്റഡി സംബന്ധമായ ജോലികൾ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ മുഖേന പൂർത്തിയാക്കുന്നതിനാവശ്യമായ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19—യന്ത്രോപകരണങ്ങൾ

വിഹിതം : 8,50,000 രൂപ

58. സർക്കാർ ഡയറികൾ കെയ്സ് ബയന്റിംഗ് നടത്തുന്നതിനുള്ള സംവിധാനം അച്ചടി വകുപ്പിൽ നിലവിലില്ല. ഇപ്പോഴത്തെ രീതിയിൽ ഡയറിയുടെ കവർ പുറമേ നിന്നും വാങ്ങുന്നതിന് പ്രതിവർഷം ഏകദേശം 15 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. അച്ചടി വകുപ്പിന് സ്വന്തമായി ഒരു കെയ്സ് ബയന്റിംഗ് മെഷീൻ വാങ്ങിയാൽ സർക്കാർ ഡയറിയുടെ കെയ്സ് ബയന്റിംഗ് പ്രസ്സിൽത്തന്നെ നടത്തി തികച്ചും ആധുനിക രീതി യിൽ സമയബന്ധിതമായി ഡയറി പുറത്തിറക്കുന്നതിനും പുറത്തുനൽകി ചെയ്യുന്നതു മൂലമുണ്ടാകുന്ന ചെലവ് ഒഴിവാക്കുന്നതിനും കഴിയും. ആയതിനാൽ അച്ചടി വകുപ്പിൽ ഒരു കെയ്സ് ബയന്റിംഗ് മെഷീൻ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)

വിഹിതം : 15,00,000 രൂപ (പ്ലാൻ)

3,77,11,000 രൂപ (നോൺ പ്ലാൻ)

59. ട്രെയിനിംഗിനും അക്കാഡമിക് ചെലവുകൾക്കും ഐ.എം.ജി. തിരുവനന്തപുരം, റീജിയണൽ സെന്റർ കൊച്ചി, റീജിയണൽ സെന്റർ കോഴിക്കോട് എന്നിവിടങ്ങളിലെ മൂലധന ചെലവുകൾക്കുമായി 1148.50 ലക്ഷം രൂപയും കോഴിക്കോട് പ്രാദേശിക കേന്ദ്ര ത്തിലെ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു പുതിയ ഹോസ്റ്റൽ സമുച്ചയം പണിയുന്നതിനായി 5 കോടി രൂപയും ചേർത്ത് ആകെ 1648.35 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

60. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പദ്ധതിയേതര ചെലവുകൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 377.11 ലക്ഷം രൂപ തീരെ പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയേതര ചെലവു കൾക്കായി 772.89 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-003-99—ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം

വിഹിതം : 5,00,000 രൂപ

61. 2010-12 ബാച്ച് കേരള കേഡറിലെ ഐ.എ.എസ്. പ്രൊബേഷണർമാർക്കു വേണ്ടി ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻ നടത്തിയ 85-ാമത് ഫൗണ്ടേഷൻ കോഴ്സിനായി ചെലവഴിച്ച 15,07,816 രൂപ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം പ്രസ്തുത സ്ഥാപ നത്തിന് തിരികെ നൽകുന്നതിന് സാധിച്ചില്ല. പ്രസ്തുത തുക നൽകുന്നതിനും 2011 ബാച്ചിൽ കേരളത്തിലേക്ക് അലോട്ട് ചെയ്ത പ്രൊബേഷണർമാരുടെ പരിശീലനത്തിനുമായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ ശീർഷകത്തിൽ 15,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-104-99—വിജിലൻസ്

05-4—മറ്റിനങ്ങൾ

വിഹിതം : 34,50,000 രൂപ

62. വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും അധിക തുക ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 20,00,000 രൂപ

63. സതേൺ റേഞ്ച്, തിരുവനന്തപുരം, കോഴിക്കോട് സഹ നിയമോപദേഷ്ടാക്കളുടെ ഓഫീസ് എന്നിവിടങ്ങളിൽ കുടിശ്ശികയിനത്തിൽ 10,00,000 രൂപ നൽകാനുണ്ട്. പ്രസ്തുത തുക ഉൾപ്പെടെ ഈ ശീർഷകത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15—രഹസ്യസേവന ചെലവുകൾ

വിഹിതം : 8,00,000 രൂപ

64. സംസ്ഥാന വ്യാപകമായി വകുപ്പുനടത്തുന്ന മിന്നൽപരിശോധനകൾക്കും അഴിമതിപ്രതിരോധ നടപടികൾക്കും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17—ചെറുകിടമരാമത്തുപണികൾ

വിഹിതം : 10,000 രൂപ

65. നടപ്പുവർഷം ഈ ശീർഷകത്തിൽ 10,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഡയറക്ടറേറ്റ് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് 5,00,000 രൂപ ആവശ്യമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

വിഹിതം : 1,000 രൂപ

66. State Whistle Blower Protection Policy പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45—പി.ഒ.എൽ.

വിഹിതം : 83,96,000 രൂപ

67. ഈ ബ്യൂറോയിൽ 25 മോട്ടോർ സൈക്കിളുകൾ ഉൾപ്പെടെ 176 വാഹനങ്ങളുണ്ട്. വർദ്ധിച്ചുവരുന്ന ഇന്ധന വില കണക്കിലെടുക്കുമ്പോൾ നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാകുകയില്ല. ആയതിനാൽ അധിക തുകയായി 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-104-99-98—വിജിലൻസിന്റെ ആധുനികവത്കരണം

വിഹിതം : 40,92,64,000 രൂപ (നോൺ പ്ലാൻ)

68. വിജിലൻസ് വകുപ്പിൽ ഉപയോഗത്തിലിരിക്കുന്ന 1500-ഓളം വണ്ടികൾ കണ്ടം ചെയ്യേണ്ട അവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. 200 വണ്ടികളെങ്കിലും അടിയന്തിരമായി വാങ്ങിയില്ലെങ്കിൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ വാഹനങ്ങൾ സർക്കാർ തന്നെ ലഭ്യമാക്കേണ്ടതായതിനാൽ മോഡേണൈസേഷനുള്ള വിഹിതത്തിൽ നിന്നും ഇതിനുള്ള ചെലവു വഹിക്കുവാൻ കഴിയുകയില്ല. ആയതിനാൽ പുതിയ വണ്ടികൾ വാങ്ങുന്നതിനായി അടിയന്തിരമായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-104-98—വിജിലൻസ് വകുപ്പിന്റെ നവീകരണം

വിഹിതം : 110,00,000 രൂപ (പ്ലാൻ)

69. വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി അത്യാധുനിക വാർത്താവിനിമയ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ബയോമെട്രിക് ബെയ്സ്ഡ് സ്മാർട്ട് കാർഡ് ഇന്റഗ്രേറ്റഡ് ടൈം ആന്റ് അറ്റൻഡൻസ് സിസ്റ്റം, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ഉദ്യോഗസ്ഥരുടെ പരിശീലനത്തിനുമായി ഈ ശീർഷകത്തിൽ ലഭ്യമായ തുക മതിയാവുകയില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈയിനത്തിൽ 11 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-105—സ്പെഷ്യൽ എൻക്വയറി കമ്മീഷനുകൾ

70. കമ്മീഷനുകളിലെ വാഹനങ്ങൾക്കുള്ള ഇന്ധന ചെലവിനത്തിൽ 42 കോടി രൂപ ആവശ്യപ്പെട്ടതിൽ 34 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-106—സിവിൽ ഡിഫൻസ്

വിഹിതം : 3,84,000 രൂപ (നോൺ പ്ലാൻ)

71. സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ ഈ ആവശ്യത്തിലേക്കായി

2011-12 വർഷത്തിൽ അനുവദിച്ച 60 ലക്ഷം രൂപ ചെലവഴിക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനായി 60 ലക്ഷം രൂപ വേണ്ടിവരുമെന്നതിനാൽ ഈയിനത്തിൽ 2012-13 വർഷത്തിൽ അനുവദിച്ച 3,84,000 രൂപ കിഴിച്ച് ബാക്കി തുകയായ 56,16,000 രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-107-99—ഹോം ഗാർഡ്സ്

വിഹിതം : 25,08,00,000 രൂപ

72. സംസ്ഥാനത്ത് ഹോം ഗാർഡുകളുടെ പ്രവർത്തനം 2010 ജനുവരിയോടെ പുനരാരംഭിച്ചതായും 3000 ഹോം ഗാർഡുകളെ വിന്യസിച്ചിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. പോലീസിനെയും അഗ്നിശമന സേനയേയും സഹായിക്കുകയാണ് ഇവരുടെ കർത്തവ്യമെന്നും ഹോം ഗാർഡുകളുടെ നിലവിലെ ദിവസവേതനം 350 രൂപയാണെന്നും നിലവിൽ വകയിരുത്തിയ തുക ഉപയോഗിച്ച് ഹോം ഗാർഡുകൾക്ക് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ല എന്നും സമിതി വിലയിരുത്തി. ആകയാൽ അഡീഷണൽ ഫണ്ടായി 12,94,50,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108—അഗ്നിപ്രതിരോധവും നിയന്ത്രണവും

99—ഭരണവും നടത്തിപ്പും

05-4—മറ്റിനങ്ങൾ

വിഹിതം : 20,11,000 രൂപ

73. സംസ്ഥാനമൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനുമായി വാങ്ങി നല്കേണ്ട യൂണിഫോം സാധനങ്ങൾ വാങ്ങുന്നതിനും രക്ഷാ പ്രവർത്തനം നടത്തുന്നതിനുള്ള യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും വർഷങ്ങളായി ബജറ്റിൽ ഒരു തുകയും വകയിരുത്തി കാണുന്നില്ല. ഇക്കാരണത്താൽ കഴിഞ്ഞ കുറേ വർഷങ്ങളായി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗത്തിന് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനുമായി വാങ്ങി നൽകേണ്ട യൂണിഫോം സാധനങ്ങൾ വാങ്ങി നല്കാത്തത് ജീവനക്കാരുടെ മനോവീര്യത്തെ തന്നെ കെടുത്തിക്കളയുമോ എന്ന് സമിതി ആശങ്കപ്പെടുന്നു. ഇതിനായി 2009-2010 വർഷത്തിലും 2011-2012 വർഷത്തിലും തുക അനുവദിക്കുന്നതിനു സമിതി ശുപാർശ ചെയ്തിരുന്നു എങ്കിലും ഇതിനായി തുക അനുവദിച്ചിട്ടില്ല.

74. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് യൂണിഫോം സാധനങ്ങൾ വാങ്ങി നൽകേണ്ടതും അവർ സുരക്ഷിതരായിതന്നെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമായതിനാൽ ഈ ശീർഷകത്തിൽ 1,17,85,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-1—വാഹനം വാങ്ങൽ

വിഹിതം : 1000 രൂപ

75. ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കുന്നതിന് 2010-11, 2011-12 വർഷങ്ങളിൽ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ നടപ്പുവർഷവും ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ സേവന മേഖലയുടെ പ്രവർത്തന ശേഷി കൂട്ടുന്നതിന് വാഹനങ്ങളുടേയും യന്ത്രസാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. അതിനാൽ ഈയിനത്തിൽ 5 കോടി രൂപ അടിയന്തിരമായി അനുവദിക്കണമെന്ന സമിതിയുടെ ശുപാർശ ആവർത്തിക്കുന്നു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

(01)—ജില്ലാ ജീവനക്കാർ

04—യാത്രാചെലവുകൾ

വിഹിതം : 93,13,000 രൂപ

76. ശബരിമല തീർത്ഥാടനകാലത്ത് അഗ്നിശമന സുരക്ഷാ പ്രവർത്തനങ്ങൾക്കായി അനേകം ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ട് എന്നത് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-1—ഓഫീസ് ചെലവുകൾ—വെള്ളക്കരം

വിഹിതം : 11,00,000 രൂപ

77. ഈ ഇനത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-97—അഗ്നിപ്രതിരോധവും നിയന്ത്രണവും—പരിശീലനം

വിഹിതം : 74,70,000 രൂപ

78. നിലവിലെ ഹോം ഗാർഡുകളുടെ എണ്ണം 3000 ത്തിൽ നിന്നും 5000 ആക്കി ഉയർത്തുന്നതിന് ആലോചിക്കുന്നതിനാൽ അവർക്ക് പരിശീലനം നൽകുന്ന ചെലവിലേക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട തുകയിൽ ശേഷിക്കുന്ന 20,38,000 രൂപ കൂടി നടപ്പുവർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-96—അഗ്നി പ്രതിരോധവും നിയന്ത്രണവും—മറ്റ് ചെലവുകൾ:—

വിഹിതം : 1,35,000 രൂപ

79. ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദാനം, കോടതി ചെലവുകൾ, ജീവനക്കാർക്ക് നൽകുന്ന പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തീരെ പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-94—അഗ്നിശമന സേനാ വകുപ്പിന്റെ നവീകരണം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

80. അത്യാധുനികമായ അഗ്നിശമന രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും അഗ്നിശമന രക്ഷാ സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനുമുള്ള ചെലവു വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. കഴിഞ്ഞ വർഷവും ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ നൽകിയിരുന്നുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ വകുപ്പ് നിർദ്ദേശിച്ച 12,42,00,000 രൂപ തന്നെ അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-119-96—മലയാളം മിഷൻ

വിഹിതം : 25,00,000 രൂപ

81. 2012-13 സാമ്പത്തിക വർഷത്തിൽ പാഠപുസ്തകങ്ങളുടെയും കൈപ്പുസ്തകങ്ങളുടെയും റീപ്രിന്റിംഗ്, പുസ്തക-കൈപ്പുസ്തക വിതരണം, അദ്ധ്യാപക പരിശീലനം, പാഠ്യപദ്ധതിക്കുള്ള ഓഡിയോ-വീഡിയോ മെറ്റീരിയൽസ് തയ്യാറാക്കൽ, പഠനകേന്ദ്രങ്ങളിൽ സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, പഠിതാക്കൾക്കുള്ള ക്യാമ്പുകൾ സംഘടിപ്പിക്കൽ, പഠനയാത്രകൾ, പുതിയ പഠനകേന്ദ്രങ്ങൾ, മാഗസിൻ, ബ്രോഷർ, മലയാളം മിഷൻ വെബ്സൈറ്റ്, മുംബൈയിലും ചെന്നൈയിലും റഫറൻസ് ലൈബ്രറികൾ, പൊതുമാർഗ്ഗരേഖ തയ്യാറാക്കി വിതരണം, മിഷൻ വാർഷികാഘോഷം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, മലയാള നോവൽ ചരിത്രത്തെക്കുറിച്ചുള്ള മൾട്ടിമീഡിയാ ലിറ്ററേച്ചറിന്റെ നിർമ്മാണവും പ്രവർത്തനവും, നാടൻപാട്ടുകൾ, കവിതകൾ, കഥകൾ എന്നിവയുടെ നിർമ്മാണവും വിതരണവും, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ നടത്താവുന്ന പരിശീലന പരിപാടികൾ എന്നിവയ്ക്കായി അധിക തുക ആവശ്യമാണ്. ആയതിനാൽ ഇതിലേക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 52,27,60,000 രൂപ |
| ചാർജ് ചെയ്തത് | : | ഇല്ല |

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

വിഹിതം : 4,00,00,000 രൂപ

82. പരസ്യത്തിനുള്ള ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനാൽ നടപ്പുവർഷത്തേക്ക് അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-101-99—പ്രദർശനവും പരസ്യവും

വിഹിതം : 2,00,00,000 രൂപ

83. സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും ദിനപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെയുള്ള പ്രദർശനപരസ്യങ്ങൾ വഴി പൊതുജനങ്ങളിൽ എത്തിക്കാനുള്ള ചെലവ് ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ഇലക്ട്രോണിക് മാധ്യമങ്ങൾക്കുള്ള പരസ്യചാർജ്ജും പരസ്യം തയ്യാറാക്കി നൽകുന്നതിന് പരസ്യ ഏജൻസിക്ക് നൽകേണ്ട തുകയും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. നടപ്പുവർഷം വകുപ്പിന്റെ പരസ്യവിഭാഗം ആധുനികവത്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഡിസ്പ്ളേ പരസ്യക്കൂലി ഇനത്തിൽ 17 കോടി രൂപയുടെ കുടിശ്ശിക മാധ്യമങ്ങൾക്ക് നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 30 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

84. കൂടാതെ സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും വികസന പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളെ അറിയിക്കുന്നതിനും സർക്കാരിന്റെ നയപരിപാടികൾ പ്രചരിപ്പിക്കുന്നതിനുമായി ഒരു മീഡിയ സിറ്റി തുടങ്ങുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയും സർക്കാർ ഉടമസ്ഥതയിൽ ഒരു ടി.വി. ചാനൽ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-106-98—പ്രദർശനം

വിഹിതം : 1,00,00,000 രൂപ

85. ജില്ലകളിലും തലസ്ഥാനത്തും വികസനസംരംഭങ്ങൾ സംബന്ധിച്ച പ്രദർശനം, ന്യൂഡൽഹിയിൽ ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പവലിയൻ ഒരുക്കൽ, ന്യൂഡൽഹിയിൽ റിപ്പബ്ളിക് ദിനപരേഡിൽ ടാബ്ളോ അവതരണവും സംഗീതാവതരണവുമാണ് നടപ്പു സാമ്പത്തികവർഷം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ. 2012-13 വർഷം ഇതിനായി ഒരു കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

വോട്ട് ചെയ്തത് : 834,93,54,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2230-01-103-41—വിദേശത്തുവച്ച് മരണമടയുന്നവരുടെ മൃതദേഹം കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള ധനസഹായം

വിഹിതം : 1,000 രൂപ

86. കേരളത്തിന് പുറത്ത് മരണമടയുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനോടനുബന്ധിച്ച ചെലവുകൾക്ക് പ്രത്യേക ധനസഹായം വ്യവസ്ഥ ചെയ്യുന്ന ഈ പദ്ധതി, വകുപ്പിന് കീഴിൽ

തുടർന്നുവരുന്ന പ്രധാന പദ്ധതികളിൽ ഒന്നാണ്. ഈ പദ്ധതിയുടെ കീഴിൽ ചെലവ് വരുന്ന തുക മുൻകൂട്ടി കണക്കാക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഇതിനായുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

വോട്ട് ചെയ്തത് : 1420,93,71,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2225-03-800-93—ജസ്റ്റീസ് സച്ചാർ കമ്മിറ്റി ശുപാർശ റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള കമ്മിറ്റി

87. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനുമായി താഴെപ്പറയും പ്രകാരം തുക അധികമായി വകയിരുത്തേണ്ടതുണ്ട്.

06-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

വിഹിതം : 6,00,00,000 രൂപ

88. ഈ ഇനത്തിൽ 4 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-1—വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ

89. ഈ ഇനത്തിൽ 13,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17—ചെറുകിട മരാമത്തു പണികൾ

വിഹിതം : 1,000 രൂപ

90. ഈ ഇനത്തിൽ 19,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-03-800-83—സ്ത്രീസ്വയംസഹായ ഗ്രൂപ്പ് മുഖേനയുള്ള സ്ത്രീ ശാക്തീകരണം

വിഹിതം : 1,00,00,000 രൂപ

91. കുടുംബശ്രീ മാതൃകയിൽ ന്യൂനപക്ഷ വനിതകൾക്ക് സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 9 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

92. ന്യൂനപക്ഷ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതും അതിനായി അവരുടെ സാമൂഹ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ ഉന്നമനത്തിനും അഭിവൃദ്ധിക്കുമായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതും സർക്കാരിന്റെ പ്രധാന കർത്തവ്യങ്ങളിൽപ്പെടുന്നു. അപ്രകാരം നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചും അവ നടപ്പിലാക്കുന്നതിനായി അനുവദിക്കേണ്ട വിഹിതം സംബന്ധിച്ചുമുള്ള സമിതി ശുപാർശകൾ ചുവടെ ചേർക്കുന്നു :

(i) മുസ്ലീം യുവജനതയുടെ ഇടയിൽ വർദ്ധിച്ചുവരുന്ന വിവാഹബന്ധം വേർപ്പെടുത്തൽ ഒരു പരിധിവരെ ഇല്ലാതാകുംവിധം താലൂക്ക് തലത്തിൽ ജമാ അത്ത് കമ്മിറ്റികളുടെ സഹായത്തോടെ പ്രീ മാരിറ്റൽ കൗൺസിലിംഗിനുള്ള സംവിധാനം ക്രമീകരിക്കുന്നതിന് ഓരോ താലൂക്കിലേക്കും 50,000 രൂപ ക്രമത്തിൽ 63 താലൂക്കിനുമായി ഒരു വർഷത്തേയ്ക്ക് 31 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ii) ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വ്യക്തിത്വ വികസന പ്രോഗ്രാമുകൾ

ന്യൂനപക്ഷ യുവജനതയ്ക്കായി ഹൈസ്ക്കൂൾ, +2 തലത്തിൽ ഒന്നിച്ചും ബിരുദ വിദ്യാർത്ഥികൾക്ക് വേറെയുമായി ജില്ലാതലത്തിൽ രണ്ടു ദിവസത്തെ റസിഡൻഷ്യൽ പേഴ്സണാലിറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തുന്നതിനായി ഒരു ജില്ലയ്ക്ക് 2 പ്രോഗ്രാമുകൾ വീതം പതിനാലു ജില്ലയ്ക്കായി 28 പ്രോഗ്രാമുകളും ഓരോ പ്രോഗ്രാമിനും 1,74,000 രൂപ വീതം ആകെ 48 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(iii) ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്കായുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ

ജീവിത ലക്ഷ്യം നേടുന്നതിനുതകുംവിധം അനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് പ്രാപ്തമാക്കത്തക്ക രീതിയിൽ കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ 10, 12 ബിരുദ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വേണ്ടി വെക്കേഷൻ കാലത്ത് സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയ്ക്കും ഓരോ പ്രോഗ്രാമെന്ന നിലയ്ക്ക് ഓരോ പ്രോഗ്രാമിനും 70,000 രൂപ വീതം പതിനാലു ജില്ലയ്ക്കുമായി 9,80,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(iv) ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലെ സർക്കാർ ആശുപത്രികളോട് ചേർന്ന് ഓരോ ജില്ലയിലും അഞ്ച് ലാബുകൾ വീതം ആരംഭിക്കുകയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പരിശോധനകളും അല്ലാത്തവർക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും പരിശോധനയ്ക്ക് അവസരമുണ്ടാക്കുന്നതിനായി ഓരോ ജില്ലയിലും അഞ്ച് ലാബുകൾ വീതം ഓരോ ലാബിനും 50 ലക്ഷം രൂപാ വീതം 35 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(v) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കുഴൽ കിണറുകൾ നിർമ്മിക്കുകയോ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ജലവിതരണ സംവിധാനം ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലേക്ക് ദീർഘിപ്പിച്ചോ നടപ്പാക്കാവുന്നതാണ്. ഇതിനായി 17.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(vi) നിർമ്മാണം കഴിഞ്ഞ് രണ്ടു വർഷമോ അതിൽ കൂടുതലോ ആയിട്ടും ജനലും വാതിലും ഇല്ലാത്ത ഭവനങ്ങളുള്ള ന്യൂനപക്ഷ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരുടെ ഭവനങ്ങളിൽ ജനലും വാതിലും സ്ഥാപിക്കുന്നതിന് ഒരാൾക്ക് 30000 രൂപ വീതം ഒരു വർഷം 5000 പേർക്ക് വീതം നൽകുന്നതിനായി ആകെ 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(vii) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലും അവിടേക്കുള്ള പൊതുവഴികളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഉമ്മൻ ചാണ്ടി,**

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2012 മേയ് 8.